(സി) എത്ര സ്റ്റാർ ഹോട്ടലുകൾ, ഹെരിറ്റേജ് ഹോട്ടലുകൾ ടൂറിസം വികസനാർത്ഥമുള്ള ഹോട്ടലുകൾ എന്നിവയ്ക്ക് ഈ കാലഘട്ടത്തിൽ ബാർ ലൈസൻസുകൾ നൽകിയെന്ന് അറിയിക്കുമോ;

(ഡി) ഈ കാലഘട്ടത്തിൽ എത്ര ബിയർ പാർലറുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

പുതുക്കിക്കൊടുത്തിട്ടുള്ള ബാർ ലൈസൻസുകൾ

(310) ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലഹരണപ്പെട്ട എത്ര ബാർ ലൈസൻസുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പുതുക്കിക്കൊടുത്തിട്ടുണ്ട്;

(ബി) എവിടെയെല്ലാം; ആർക്കെല്ലാമാണ് ഇപ്രകാരം പുതുക്കിക്കൊടുത്തത്;

(സി) ബാർ ലൈസൻസി മരിച്ചശേഷം കാലഹരണപ്പെട്ട എത്ര ബാർ ലൈസൻസുകൾ ഈ കാലയളവിൽ പുതുക്കിക്കൊടുത്തു;

(ഡി) എവിടെയെല്ലാം ആർക്കെല്ലാമാണ് ഇപ്രകാരം ലൈസൻസുകൾ പുതുക്കിക്കൊടുത്തത്;

(ഇ) ഈ കാലഘട്ടത്തിൽ എത്ര ബാർ ഹോട്ടലുകൾ സ്ഥലം മാറ്റി സ്ഥാപിക്കാനുള്ള അനുവാദം നൽകിയിട്ടുണ്ട്;

(എഫ്) ആർക്കെല്ലാം എവിടെനിന്ന് എങ്ങോട്ട് ബാർ ഹോട്ടൽ മാറ്റുവാനാണ് അനുവാദം നൽകിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചുവരുന്നു.

വ്യാജമദ്യ ദുരന്തങ്ങൾ

(311) ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എവിടെയെല്ലാം വ്യാജമദ്യ ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇതിൽ എത്രപേർക്ക് ജീവഹാനിയും എത്ര പേർക്ക് അംഗവൈകല്യവും ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly